പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ റിവിഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ജില്ലാ നിർമ്മിതി കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടില്ല. കളത്തിൽ ചാലക്കൽ പട്ടികജാതി കോളനിയിൽ ഉൾറോഡ്, നടപ്പാത നിർമ്മാണം, കുടിവെള്ള പദ്ധതി, വീട് റിപ്പയർ, സംരക്ഷണ ഭിത്തി, സാനിറ്റേഷൻ, സോളാർ തെരുവ് വിളക്ക്, ഖരമാലിന്യ പരിപാലനം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേഷൻ റിവിഷൻ ആവശ്യമാണ്. ആയത് ജില്ലാ നിർമ്മിതി കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടില്ല. അമ്പലപ്പറമ്പ് പട്ടികജാതി കോളനിയിൽ ഉൾറോഡ്, നടപ്പാത നിർമ്മാണം, പുനരുദ്ധാരണം, ഭവന പുനരുദ്ധാരണം, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് നടപ്പാക്കാനുള്ളത്. ഗുണഭോക്താക്കൾക്കിടയിലെ തർക്കംമൂലം വർക്ക് തുടങ്ങാനായിട്ടില്ല. മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കോളനികളിൽ ഈ സാമ്പത്തിക വർഷവും കോർപ്പസ് ഫണ്ടിൽ തുക വകയിരുത്തി നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച ശിപാർശ ലഭ്യമായിട്ടില്ല.

ദേവികുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

35(780) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത കുടികൾ ഏതൊക്കെയെന്നും പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിൽ നിന്നും 2017-18 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം, കുറത്തിക്കുടി, കട്ടമുടിക്കുടി, നെല്ലിപെട്ടിക്കുടി, ചമ്പക്കാട്ട്കുടി, കുടല്ലാർകുടി, കോഴിയാളക്കുടി, സിങ്കുകുടി-ചിക്കണാംകുടി ക്ലസ്റ്റർ എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഓരോ പദ്ധതിക്കും നീക്കിവച്ചിട്ടുള്ള തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിൽനിന്നും 2017-18 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം, കുറത്തിക്കുടി, കട്ടമുടിക്കുടി, നെല്ലിപെട്ടിക്കുടി, ചമ്പക്കാട്ട്കുടി, കുടല്ലാർകുടി, കോഴിയാളക്കുടി, സിങ്കുകുടി-ചിക്കണാംകുടി ക്ലസ്റ്റർ എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി പ്രകാരം 2019-20 കാലയളവിൽ ദേവികുളം മണ്ഡലത്തിൽ പുതുതായി തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളുടെ പേരും പദ്ധതികളുടെ വിവരവും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

2019-20 കാലയളവിൽ ദേവികുളം മണ്ഡലത്തിൽ നിന്നും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കോളനികൾ തെരഞ്ഞെടുത്തിരുന്നില്ല. 2020-21 വർഷം ദേവികുളം മണ്ഡലത്തിൽ നിന്നും ചെമ്പട്ടിക്കുടി, തലനിരപ്പൻകുടി, അഞ്ചാംമൈൽകുടി, ഇരുട്ടളക്കുടി, കമ്മാളംകുടി, ചെറുവാട്കുടി, ഇഡ്ഡലിപ്പാറക്കുടി, കൊച്ച്കൊടകല്ല്, ഈച്ചാംപെട്ടിക്കുടി എന്നീ പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനം

36(781) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ അംബേദ്കർ കോളനിയെ (കോഴിക്കോടിനടുത്ത സിവിൽ സ്റ്റേഷൻ) അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം വികസന പ്രവർത്തനങ്ങൾക്കായി (അടങ്കൽ തുക -50 ലക്ഷം) തെരഞ്ഞെടുത്ത്, അവിടെ നടപ്പിലാക്കേണ്ട വികസന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ തന്നെ കുമ്മാട്ടിക്കുളം എസ്.സി. കോളനിയിൽ നടപ്പിലാക്കേണ്ട വികസന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ കോഴിക്കോട് ജില്ലാ നിർമ്മിതി കേന്ദ്രം മാനേജർ, കോഴിക്കോട് കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.